(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഇല്ല.

(ജി) യോഗ്യതയുടെ അടിസ്ഥാനത്തിൽ നഴ്സിംഗ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ മാനേജുമെൻറിന് 20% സീറ്റുകൾ സംവരണം ചെയ്തിട്ടുള്ളതിനാൽ ആയതിലേക്ക് അടിസ്ഥാന യോഗ്യത ഉള്ളവരെ ഇവർക്ക് തെരഞ്ഞെടുക്കാവുന്നതാണ്. സ്വകാര്യ നഴ്സിംഗ് സ്കൂൾ നടത്തിപ്പിലേക്ക് സർക്കാരിൽനിന്നും സാമ്പത്തിക സഹായം നൽകാത്തതിനാൽ സംവരണതത്വം പാലിക്കുവാൻ നിർദ്ദേശിക്കാവുന്നതല്ല.

എമർജൻസി ടോക്സിക്കോളജി വിഭാഗം

1542. [2309] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഓരോ എമർജൻസി ടോക്സിക്കോളജി വിഭാഗം സ്ഥാപിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിൻെറ ആവശ്യകതയെ സംബന്ധിച്ച് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ,ബി) മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് എമർജൻസി ടോക്സിക്കോളജി വിഭാഗം തുടങ്ങാൻ ആലോചിച്ചിട്ടില്ല.

യൂനാനി വൈദ്യ വിഭാഗം

1543. [2310] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂനാനി വൈദ്യ വിഭാഗം വികസിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ,ബി) യൂനാനി വൈദ്യ വിഭാഗത്തിൽ ഒരു ക്ലിനിക്കൽ റിസർച്ച് യൂണിറ്റ് കൊച്ചിക്കടുത്ത് സ്ഥാപിക്കുന്ന കാര്യം യൂനാനി വൈദ്യഗവേഷണത്തിനുള്ള കേന്ദ്രസമിതി (ന്യൂഡൽഹി)യുടെ പരിഗണനയിലുണ്ട്.

ഫാർമസിസ്റ്റുകൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ

1544. [2311] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തെ ഫാർമസിസ്റ്റുകൾ ഉന്നയിച്ച ചില ആവശ്യങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുക, താലൂക്ക് മെഡിക്കൽ സ്റ്റോർ അനുവദിക്കുക, മേജർ ആശുപത്രികളിൽ സ്റ്റോർ സൂപ്രണ്ട് തസ്തികകൾ സൃഷ്ടിക്കുക, അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമനം നടത്തുക, ഉത്തരവാദിത്വവും ചുമതലയും നിർവഹിക്കുക എന്നിവയായിരുന്നു പ്രസ്തുത ആവശ്യങ്ങൾ.

(സി) മിക്കവാറും എല്ലാ മേജർ ആശുപത്രികളിലും സ്റ്റോർ സൂപ്രണ്ടുമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 29-4-1986-ലെ എം. എസ്. 82/86/ആ. കു. വ. സർക്കാർ ഉത്തരവനുസരിച്ച് ഉത്തരവാദിത്വവും ചുമതലയും നിജപ്പെടുത്തിയിട്ടുണ്ട്. മറ്റ് ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

ശ്രീമതി കെ. ഭാനിയുടെ സസ്പെൻഷൻ നടപടി

1545. [2312] ശ്രീ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിലെ 2-ാം ഗ്രേഡ് അറ്റൻഡർ ശ്രീമതി കെ. ഭാനിയെ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തത് എന്നു മുതലാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) സസ്പെൻഡ് ചെയ്യാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ശ്രീമതി ഭാനിയെ സർവീസിൽ തിരിയെ പ്രവേശിപ്പിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 30-7-1985 മുതൽ സസ്പെൻഡ് ചെയ്തു.

(ബി) പ്രസവ വാർഡിൽ അഡ്മിറ്റ് ചെയ്തിരുന്ന രോഗിയുടെ ഭർത്താവിനോട് 50 രൂപ കൈക്കൂലിയായി ചോദിച്ചുവാങ്ങിയെന്ന ആരോപണത്തിൻമേൽ ശ്രീമതി ഭാനിയെ 30-7-1985-ന് അറസ്റ്റു ചെയ്യുകയും അതേ ദിവസം രാത്രി 8.45-ന് ജാമ്യത്തിൽ വിടുകയും ചെയ്തു എന്ന ആലപ്പുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ടിൻപ്രകാരമാണ് ശ്രീമതി ഭാനിയെ സർവീസിൽ നിന്നു സസ്പെൻഡ് ചെയ്തത്.

(സി) ഈ കേസിനെ സംബന്ധിച്ച് അന്വേഷണങ്ങൾ പോലീസ് വിജിലൻസ് വകുപ്പ് പൂർത്തിയാക്കിയിട്ടില്ല.

ആശുപത്രികളിലെ മാസ്സിയേർസ് ട്രെയിനിംഗ് പാസായവർ

1546. [2314] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആയുർവേദ ആശുപത്രികളിൽ മാസ്സിയേഴ്സ് ട്രെയിനിംഗ് പാസായ എത്രപേർ ജോലി നോക്കുന്നുണ്ട് ;

(ബി) മാസ്സിയേർസ് ട്രെയിനിംഗ് പാസായി ആയുർവേദ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്നവരുടെ വേതനം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly